ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം





# സുവർണ്ണ ധ്വനി

## പയസ് ഗേൾസ് ഹൈസ്കൂൾ, ഇടപ്പള്ളി

## ഡിജിറ്റൽ മാസിക

# എഡിറ്റോറിയൽ ബോർഡ്



ശ്രീചിത്ര ഡി എം

അർച്ചന എൻ എസ്

അമൃത ആർ

റജിയ

ഗൗരി പാർവതി

JOSE PUTHENVEETTIL
AUXILIARY BISHOP AND SYNCELLUS
ARCHDIOCESE OF ERNAKULAM-ANGAMALY



# സുവർണാശംസകൾ

അനുഗ്രഹീത ചരിത്രമുറങ്ങുന്ന പ്രസിദ്ധമായ ഇടപ്പള്ളി ദേശത്തു പ്രകാശഗോപുരമായി ഇന്നും പ്രശോഭിക്കുന്ന ഒന്നാണു പയസ് ഗേൾസ് ഹൈസ്കൂൾ. നാട്ടിലുള്ള നാനാജാതിമതസ്ഥരായ അനേകം കുഞ്ഞനുജത്തിമാരുടെ സമഗ്രമായ വളർച്ചയ്ക്കു വേണ്ടി എന്നും നിലകൊള്ളുന്ന ഈ വിദ്യാലയം അൻപതു വർഷം പൂർത്തിയാക്കി സുവർണ ജൂബിലിയാഘോഷത്തിന്റെ നിറവിലായിരിക്കുന്നു എന്നറിയുന്നതിൽ ഒത്തിരി സന്തോഷം. ആ ഗുരുകുലത്തിന്റെ മനേജർക്കും, അധ്യാപകർക്കും, അനധ്യാപകർക്കും, സ്നേഹമുള്ള കുഞ്ഞനുജത്തിമാർക്കും ഒരായിരം സുവർണ ജൂബിലിയാശംസകൾ.

കഴിഞ്ഞ അൻപതു വർഷങ്ങളിലായി ഈ വിദ്യാലയത്തിലൂടെ നാട്ടുകാർക്കും, നാടിനും ഉണ്ടായ വളർച്ചയെ ഏറെസ്നേഹത്തോടു കൂടി അനുസ്മരിക്കേണ്ടതുണ്ട്. അതിനു പിന്നിൽ ആത്മാർത്ഥമായി പ്രവർത്തിച്ച സുമനസ്സുകളെ ഏറെ സ്നേഹത്തോടെ ഓർക്കുന്നു. അനന്തതയിൽ വിലയം പ്രാപിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ യഥാർത്ഥമായ ലക്ഷ്യം അരക്കെട്ടുറപ്പിക്കാനുള്ള ഒരവസരമായിരിക്കട്ടെ ഈ ജൂബിലിയവസരം എന്നും ആഗ്രഹിക്കുന്നു. വിദ്യാലയങ്ങളിലും വിദ്യാർത്ഥികളിലും നന്മയുടെ വിളകളെക്കാൾ തിന്മയുടെ കളകൾ വളർന്നു കൊണ്ടിരിക്കുന്നു എന്നുള്ളത് ഏറെ ഭയപ്പെടുത്തുന്നു. കഴിവുള്ള പലരും മയക്കുമരുന്നിനും മൊബൈൽ ഫോണിനും ചീത്ത കൂട്ടുകെട്ടുകൾക്കും പെട്ടെന്ന് അടിമപ്പെടുന്നതു വിദ്യാഭ്യാസത്തിന്റെ പരിശുദ്ധിയെയും പവിത്രതയെയും തകർക്കും. അതീവ ജാഗ്രതയോടും ശ്രദ്ധയോടും കൂടി അധ്യാപകരും വിദ്യാർത്ഥികളും ഒറ്റക്കെട്ടായി നിലനിന്നുകൊണ്ട് എല്ലാ തിന്മയുടെ ശക്തികളെയും

Major Archbishop's House, Ernakulam, P.B.No: 2580, Kochi-682 031, Kerala, INDIA. Tel: 0484 2352629, 2351513(P)
Mob: 9387074700, Fax: 0484 2355010, E-mail: josputhen@gmail.com, Web: www.ernakulamarchdiocese.org

JOSE PUTHENVEETTIL
AUXILIARY BISHOP AND SYNCELLUS
ARCHDIOCESE OF ERNAKULAM-ANGAMALY

ചെറുത്തു പരാജയപ്പെടുത്തി മുന്നോട്ടു പോകുവാൻ കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഇസ്രായേലിലെ പ്രസിദ്ധനായ രാജാവായിരുന്നു സോളമൻ. ഒരിക്കൽ അദ്ദേഹം ബലിയർപ്പിക്കാൻ ദേവാലയത്തിൽ ആയിരുന്നപ്പോൾ സ്വപ്നത്തിൽ ദൈവം സോളമനു പ്രത്യക്ഷപ്പെട്ടു ചോദിച്ചു: "നിനക്ക് എന്തു വേണമെന്നു പറഞ്ഞുകൊള്ളുക". സോളമൻ പറഞ്ഞു: "ഭരണപരിചയമില്ലാത്ത ഒരു ബാലനായിരുന്നിട്ടുപോലും ഈ ദാസനെ എന്റെ പിതാവായ ദാവീദിന്റെ സ്ഥാനത്തു രാജാവാക്കിയിരിക്കുന്നു. അങ്ങു തിരഞ്ഞെടുത്തതും സംഖ്യാതീതവുമായ ഒരു മഹാജനത്തിന്റെ നടുവിലാണ് അങ്ങയുടെ ദാസൻ. ഈ മഹാജനത്തെ ഭരിക്കാൻ ആർക്കു കഴിയും? ആകയാൽ, നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസനു നൽകിയാലും". സോളമൻ ആവശ്യപ്പെട്ട ജ്ഞാനവും വിവേകവും ദൈവം അദ്ദേഹത്തിനു നല്കി. (1 രാജാ. 3:4-12). വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ജോലി സമ്പാദിച്ചു പണമുണ്ടാക്കുവാൻ സഹായിക്കുക എന്നതിനേക്കാൾ, ജീവിതത്തിൽ എപ്പോഴും എവിടെയും നന്മ-തിന്മകൾ തിരിച്ചറിഞ്ഞു നല്ല മനുഷ്യരായി ജീവിക്കുവാൻ സഹായിക്കുക എന്നതാണ്. ആ ലക്ഷ്യത്തിനായി ആത്മാർത്ഥമായി പരിശ്രമിക്കാൻ ദൈവം പയസ് കുടുംബത്തിലെ എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഏറെ സ്നേഹത്തോടെ, ആശംസകളോടെ,

\+ ജോസ് പുത്തൻവീട്ടിൽ പിതാവ്

**എറണാകുളം-അങ്കമാലി സഹായമെത്രാൻ**

Major Archbishop's House, Ernakulam, P.B.No: 2580, Kochi-682 031, Kerala, INDIA. Tel: 0484 2352629, 2351513(P)
Mob: 9387074700, Fax: 0484 2355010, E-mail: josputhen@gmail.com, Web: www.ernakulamarchdiocese.org




ശാസ്ത്രവും സാങ്കേതിക വിദ്യയും അനുദിനം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നു എന്നത് തികച്ചും അഭിനന്ദനാർഹമായ ഒരു വസ്തുതയാണ്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടികളുടെ കഴിവുകളും ഭാവനാശക്തിയും സർഗ്ഗാത്മകതയും സമന്വയിപ്പിച്ച് പുറത്തിറക്കിയ 'ഇ-മാഗസിന്റെ' ഉള്ളടക്കവും ആശയവും പ്രശംസനീയമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്
ജില്ലി പി ജിയോ

## Table of Contents


പരിസ്ഥിതി സൗഹൃദ സമീപനം....3
മഴവെള്ളപ്പൊക്കം....8
കഴുതയ്ക്കു പ്രണാമം....11
പ്രളയത്തിന്റെ ഓർമയ്ക്ക്....13
തെരുവിലെ പെൺകുട്ടി....13
മരിക്കാത്ത സ്മരണകളുമായി....14
കളരി പയറ്റുകൊണ്ടുള്ള പ്രയോജനങ്ങൾ....19
കഥകളി....20
ചങ്ങമ്പുഴ....22
ഇടപ്പള്ളി രാഘവൻപിള്ള....25
കുഞ്ഞുണ്ണിമാഷും കുട്ട്യോളും....27
അമ്മ....30
എൻെറ ബാല്യം....31
ജീവതയാത്ര....32
വായനയുടെ മഹത്ത്വം....37

ഉപന്യാസം

# പരിസ്ഥിതി സൗഹൃദ സമീപനം

എൽസ ഷാലിറ്റ എൻ.എ (7 ബി)



ഹരിതഭംഗിയാൽ സമ്പന്നമാണ് നമ്മുടെ ലോകം. ഏതു ഭാഗത്തേക്ക് നോക്കിയാലും നീർച്ചാലുകൾ, ഉയർന്ന പർവ്വത നിരകളും , മരങ്ങളും, പുഴകളും തുടങ്ങിയ പ്രകൃതിയുടെ കലാവിരുതുകൾ. കുളിർ തെന്നലിൻെറ സുഖമുള്ള മഴയും ഏവർക്കും പ്രിയപ്പെട്ടതാണ്.

പണ്ടൊക്കെ പരിസ്ഥിതി സൗഹൃദ സമീപനമാണ് നമുക്കുണ്ടായിരുന്നത്. എന്നാൽ ഇന്ന് ആ ഗതിയൊക്കെ മാറിയിരിക്കുന്നു. പ്രകൃതിയെ വർണിച്ചുള്ള കവിതകൾ ഇന്ന് മാറ്റിപാടേണ്ട അവസ്ഥയെത്തിയിരിക്കുന്നു. വയലുകൾ നികത്തപ്പെടുന്നു. പകരം അവിടെ വലിയ വലിയ കെട്ടിടങ്ങളുടെ കൊയ്ത്ത് നടക്കുന്നു.

മനുഷ്യർ ഇന്ന് തങ്ങളുടെ പ്രകൃതിയായ അമ്മയെ ഉപേക്ഷിക്കുന്നു. ആ വലിയ സമ്പത്തിനെ സംരക്ഷിക്കാൻ ഉത്തരവാദിയായ അവർ അതിനെ നശിപ്പിക്കുന്നു. എന്നിട്ട് വിനാശത്തിലേക്ക് തള്ളിവിടുന്നു.



ഈശ്വരൻെറ വരദാനമാണ് മരങ്ങൾ. പൂക്കളും, പഴങ്ങളും, തണലും, ശുദ്ധവായുവും നൽകി അവ മനുഷ്യരെ അനുഗ്രഹിക്കുന്നു. എന്നാൽ മനുഷ്യരാകട്ടെ ജീവൻെറ ദാതവായ മരങ്ങളെ മുറിച്ച് മാറ്റുന്നു.

പ്ലാസ്റ്റിക്കിൻെറ ഉപയോഗം ഇന്ന് മനുഷ്യരിൽ വർദ്ധിച്ചു വരുകയാണ്. മനുഷ്യർ ദിവസേന ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും പ്ലാസ്റ്റിക്കാൽ നിർമ്മിതമാണ്.പല രാസവസ്തുക്കളാലും സമ്പന്നമാണ് പ്ലാസ്റ്റിക്. അതുകൊണ്ടു തന്നെ പ്ലാസ്റ്റിക് പ്രകൃതിയ്ക്ക് ദോഷം വരുത്തുന്നു. എന്നാൽ മനുഷ്യരാകട്ടെ ഇതൊന്നും കാര്യമായി ഭാവിക്കുന്നില്ല. അവർ ഇന്ന് പ്രകൃതിയെ വേദനിപ്പിക്കുന്നു. പ്രകൃതിയെ അവർ കൊലക്കളത്തിലേക്ക് നയിക്കുന്നു.

ഇത്തരത്തിലുള്ള പ്രകൃതിയെ ചൂഷണം ചെയ്യുന്ന പ്രവൃത്തികളാണ്



പ്രകൃതിദുരന്തങ്ങൾക്ക് വഴിയൊരുക്കുന്നത്. മനുഷ്യൻെറ പ്രവൃത്തികളിൽ പ്രകൃതി കോപാകുലയാകുന്നു. അതിനുള്ള ഒരു തെളിവാണ്, കേരളം കണ്ട വൻ ജലപ്രളയം. ജനങ്ങൾ അന്നു കണ്ടത് പ്രകൃതിയുടെ രൗദ്രഭാവത്തെ. കഷ്ടപ്പെട്ടുണ്ടാക്കിയതെല്ലാം സംഹാര രൂപിണിയായി വന്ന ജലം തട്ടിയെടുത്ത ആ ദിനങ്ങൾ അവരെ ഏറെ പാഠങ്ങൾ പഠിപ്പിച്ചു.



കേരളത്തിലെ പ്രളയം മാത്രമല്ല,ഇന്തൊനേഷ്യയിലെ സുനാമിയും,ജപ്പാനിലെ കൊടുങ്കാറ്റുമെല്ലാം പ്രകൃതി മനുഷ്യർക്ക് നൽകിയ

ശിക്ഷയാണ് . ഇതിൽ നിന്നെല്ലാം സംഗ്രഹിക്കുന്നത് ഒന്നുമാത്രമാണ് . പരിസ്ഥിതിയുമായി ഒരു സൗഹൃദസമീപനം എല്ലാവർക്കും വേണം. പരിസ്ഥിതിയെ- സംരക്ഷിക്കാൻ മനുഷ്യർ എന്നും കടപ്പെട്ടിരിക്കുന്നു. പരിസ്ഥിതിയെ ഒരു സുഹൃത്തായി കാണുക.

പരിസ്ഥിതിയെ സ്നേഹിക്കുക. ലോകത്തിൻെറ 'അമ്മ' എന്ന സ്ഥാനം പരിസ്ഥിതിക്ക് തിരിച്ചു നൽകുക. ഇനി നമുക്ക് പരിസ്ഥിതിയെ അമ്മയായി കണ്ട് പരിസ്ഥിതിയോട് ഇണങ്ങി ജീവിക്കാം.

***********

കവിത



# മഴവെള്ളപ്പൊക്കം

ആദിത്യ എ എൻ (8 ബി)

വരണ്ട ഭൂമിതൻ നെറുകയിൽ ഒരു
നനുത്ത സ്പർശം പോൽ വന്നവൾ
കാത്തിരുന്ന മാരിതൻ വരവിനായി
മേളങ്ങൾ മുഴങ്ങവേ
അനന്തമായൊരി ഭ്രമിയിൽ വന്നു
പതിക്കുന്നതിനെന്തു താമസം
പ്രർത്ഥനയിൽ നിന്നുടെ വരവും
കാത്തിരിക്കുമീ മനുജൻ
വിങ്ങിപ്പൊട്ടിയ കാർമേഘങ്ങൾക്കൊപ്പമവൾ
പെയ്തിറങ്ങവേ
ആഹ്ലാദ പൂരിതമായൊരീ കേരളീയം
പെയ്തു പെയ്തു പെയ്ത്തിനൊടുവിൽ
ദുഃഖിതയായെൻ മാതൃഭ്രമിയെ
കരയും കായലും തോടുകളും
വെച്ചുകെട്ടിലുകളുമെല്ലാം
ഒരു പോൽ നിൻ കരങ്ങളിൽ ആഴ്ന്നപ്പോൾ
ആഹ്ലാദിച്ചൊരമ്മതൻ മുഖം
തോരാ കണ്ണീരിൽ ആണ്ടുപോയ്

ആർത്തിരമ്പി പെയ്തപ്പോഴും



ഓർത്തില്ലയോ നിന്നുടെ അമ്മ തൻ കണ്ണുനീർ

ആർത്തിരമ്പി ഒഴുകിയപ്പോഴും

ഓർത്തില്ലയോ നീ മാതൃഭൂമിയുടെ ചുടുകണ്ണുനീർ

ഓർത്തില്ലയോ നിൻ മക്കൾ തൻവിലാപം

എല്ലാമൊടുവിൽ കരകയറിയ അമ്മയെ

ദുഃഖത്തിലാഴ്ത്തവേണ്ട സോദരി........

ഒരിക്കൽ കൂടി .......................

---



# പ്രളയം തന്ന പാഠം

റിസ്വാന എച്ച്(8 ബി)



ഭൂമിതൻ രാജനെന്ന മട്ടിൽ
അഹങ്കരിച്ചു നടന്ന മാനുജർ
ദൈവമെന്ന ശക്തിയെ പോലും
വെല്ലുവിളിച്ചു അഹങ്കാരികൾ
പഴമകളെ മാന്തി കീറി മലകളെ തുരന്നു
കയറി
നശിപ്പിച്ചു പ്രകൃതിയാം അമ്മയെ അവർ
ഒരു ദിനം പ്രകൃതി ക്രോധാകുലയായ്
തിരിച്ചടിക്കുമെന്നവർ നിനച്ചതേയില്ല
പ്രകൃതി തൻ കാമുകനാം മഴയിറങ്ങി
പ്രതികാര രൂപേണ പെയ്തിറങ്ങി
വീടും കുടികളും പറമ്പുകളും
ക്ഷണഭംഗരം ആണെന്നറിഞ്ഞില്ലവർ
കൊന്നും കവർന്നും കെട്ടിപൊക്കിയ
മാളികകൾ ആകെ തകർന്നടിഞ്ഞു

ക്രൂരരാം ചിലരുടെ കർമ്മഫലം
അസ്ഥിരമാക്കി ദരിദ്രർ തൻ ജീവിതം
നിസ്സഹായനാം മർത്യന് കണ്ണീർ തുകുവാനല്ലാതെ
തുടക്കുവാൻ പോലും കഴിഞ്ഞതില്ല
ആർത്തുവിളിച്ചവർ നെഞ്ചത്തടിച്ചവർ
ഒരായുസിൻ നഷ്ടം കണ്ടു നില്ക്കേ
ഇനി ധൈര്യപ്പെടില്ലൊരിക്കലും ഒരുത്തനും
പോറ്റി വളർത്തിയ മണ്ണിനെ പിച്ചിച്ചീന്തുവാൻ

# കഴുതയ്ക്കു പ്രണാമം



സമ്പാദനം:റിസ്വാന എച്ച്(8 ബി)

മിടുക്കനായ ഒരു ശില്പി മനോഹരമായ പ്രതിമകളുണ്ടാക്കി വിറ്റിരുന്നു. ഒരു ദിവസം മനോഹരമായ ഒരു ശില്പം തന്റെ കഴുതയുടെ പുറത്തു കയറിറി നഗര വീഥിയിലൂടെ കൊണ്ടു പോയി. അടുത്ത പട്ടണത്തിലെ ധനികന് കൊടുക്കാനായിരുന്നു അത്. പ്രഭാത കിരണങ്ങളിൽ പ്രതിമ മിന്നി തിളങ്ങി. വഴി യാത്രക്കാർ അത്ഭുതപ്പെട്ടു. ചിലർ ആ പ്രതിമയെ കൈകൂപ്പി വണങ്ങി.

നഗരത്തിൽ തിരക്കേറി. പ്രതിമയെ വണങ്ങാൻ കൂടുതൽ പേരെത്തി. ജനങ്ങളുടെ ആദരം കണ്ട കഴുത സന്തോഷിച്ചു. ആളുകളുടെ തിരക്ക് കൂടിയപ്പോൾ കഴുത വഴി മധ്യത്തിൽ കിടന്നു.

ആളുകൾ തന്നെയാണ് വണങ്ങുന്നതെന്നും തന്റെ ഭക്തരായ ജനങ്ങൾക്ക് വണങ്ങാൻ സാവകാശം കിട്ടിക്കോട്ടെ എന്നും ആയിരുന്നു കഴുതയുടെ ചിന്ത. ശില്പി കഴുതയോട് നടക്കുവാൻ പറഞ്ഞിട്ട് അത് കൂട്ടാക്കിയില്ല. അയാൾ ഒരു വലിയ ചാട്ടവാർ വാങ്ങി അതിനെ അടിച്ചു. വേദനിച്ചതോടെ അത് നടത്തം തുടർന്നു. ശില്പി പറഞ്ഞു കഴുതയെ വന്ദിക്കാൻ ഏതെങ്കിലും മനുഷ്യൻ തുനിയുമെന്നു നീ വിചാരിക്കുന്നുണ്ടോ? നിന്റെ മണ്ടത്തരമാണത്. അതിനുള്ള സമ്മാനം അടിമാത്രമാണ്. കഴുതയ്ക്ക് കാര്യം മനസ്സിലായി. അതോടെ അവൻ വേഗം നടന്നു തുടങ്ങി.

ഗുണപാഠം ചുറ്റും നടക്കുന്നവയെ ശരിയായ അർത്ഥത്തിൽ കാണാതിരുന്നാൽ അനുഭവം കയ്പുള്ളതായിരിക്കും

കവിത

# പ്രളയത്തിന്റെ ഓർമയ്ക്ക്

# തെരുവിലെ പെൺകുട്ടി

അരിഫ .റ്റി . എസ് (10 ബി)

x

കളിയും ചിരിയും ഓർമയിൽ മാത്രമായ്
ആഘോഷമില്ലാത്തൊരോണവുമായ്
മാവേലി തന്നുടെ കൈയ്യിലിരിക്കുന്ന
ഓലക്കുടയിലും വിഷാദഭാവം

ഒരു നാളിൽ ദൈവം തൻ കണ്ണുമട
ച്ചിട്ട് ചെവിമൂടി കെട്ടിയ പ്രളയദിനം
ആരോരുമില്ലതെ കേരളമക്കൾ
കൈകോർത്തു നിന്നൊരാ കണ്ണീർദിനം

കൈകോർത്തു നിന്നിട്ട് ഒന്നായി
ചേർന്നിട്ട് താങ്ങും തണലുമായി
രുന്നിട്ട് മാനമൊന്നായി നേരിട്ട്
ഭയമെഴുന്നൊരാ ദുഃഖദിനം

ജീവൻ നിലനിർത്തും അമൂല്യമാം
ജലം തന്നെ കാലന്റെയവതാരമായദിനം
ആരോരുമില്ലാത്ത വൃദ്ധശിശു
ക്കൾ ജന്തുക്കളെല്ലാം
മരണത്തിൻ നോവ് നുകർന്നദിനം

ഇന്നാദിനത്തിൻ ഓർമയായ്
നിൽക്കുന്ന നീറുന്ന മനവു
മായ് ഒരു പെൺകുട്ടി
കാലത്തിൻചുഴിയിലായ്പ്പെട്ട
തൻ രക്തബന്ധങ്ങൾ തൻ
നീറുന്ന ഓർമയുമായി

കൈകാൽമുഖമെല്ലാം ഒട്ടി
മെലിഞ്ഞുള്ളവൾ മുഖത്തിന്നു കാണുന്നു
ഭയദുഃഖസന്ദേഹമിവയെല്ലാം

ഓർക്കാൻ ഭയക്കുന്ന ഓർത്താൽ
വിറക്കുന്ന കണ്ടാൽ മരിക്കുന്നൊ
രാദ്ദിനത്തിന് ഓർമയായ് നിൽ
ക്കുന്നു അവളീ തെരുവീഥിയിലായ്

# മരിക്കാത്ത സ്മരണകളുമായി

ഖദീജത്ത് നൂറ . കെ. എസ്(10 ഡി)

അന്നും അയാൾ പതിവ്പോലെ പുലർച്ചെ ഉണർന്നു .

ഔസേപ്പേട്ടനും ജോസഫേട്ടനുമെല്ലാം പുലർച്ചെ നല്ല ഉറക്കത്തിലാണ് ; തലേന്ന് രാത്രി കഴിച്ച മരുന്നിന്റെ ക്ഷീണം വിട്ടു മാറിക്കാണില്ല. അവരെ ആരെയും തന്നെ ശല്യപ്പെടുത്താതെ ജോർജ് തന്റെ ഊന്ന് വടിയുമായി മെല്ലെ മെല്ലെ നടന്ന് തന്റെ പ്രാഥമിക കർമ്മങ്ങളെല്ലാം നിർവ്വഹിച്ച് വന്നു. അപ്പോഴാണ് ഔസേപ്പേട്ടന്റെയും ജോസഫേട്ടന്റെയും മയക്കം ഒന്ന് വിട്ടുമാറിയത് തന്നെ. എന്നാൽ പോലും ജോർജ് തന്റെ നീണ്ട പ്രാർഥനയിൽ മുഴുകി. തന്റെ കുടുംബത്തിനും മരിച്ച്പോയ ഭാര്യ അന്നമ്മയ്ക്കും തന്നെ സംരക്ഷിക്കുന്നവർക്കും പിന്നെ ഈ ലോകത്തിലെ സർവ്വ ജീവജാലങ്ങൾക്കും വേണ്ടിയുള്ള നീണ്ട പ്രാർഥന; താനും ദൈവവും മാത്രമുള്ള ഒരു ഏകാഗ്ര സംഭാഷണം

പ്രാർഥനയിലാണ്ട് പോയ ജോർജ് തന്റെ കുടുംബത്തെക്കുറിച്ച് ഒരു നിമിഷം ചിന്തിച്ച് പോയി. ഭാര്യ അന്നമ്മയും ഒരേയൊരു മകൻ ജോജിയും;ഒരു ചെറിയ കുടുംബം. മകന്റെ എല്ലാ ആവശ്യങ്ങളും സാധിച്ച് കൊടുക്കുന്ന മാതാവും പിതാവും ; വളരെ സന്തുഷ്ടമായി കടന്ന് പോകുന്ന കുടുംബം. മകന് ഡോക്ടറാവണമെന്ന് വാശിപിടിച്ച് ഇല്ലായ്മകളിലും അവനെ ഡോക്ടറേറ്റ് പഠിക്കാൻ ദൂരെ അയച്ചു. ഹൃദയം പറിച്ച് കൊണ്ടാണ് അവൻ പോയത്. 4 വർഷത്തെ നീണ്ട പഠനത്തിലും അച്ഛന്റെയും അമ്മയുടെയും കടുത്ത പ്രാർഥനയുടെയും ഫലമായി അവൻ

ഡോക്ടറായി തിരിച്ച് നാട്ടിലെത്തി.

"എന്തൊരു കോലമാടാ നിന്റേത് ? മുടിയെന്താ ഈ കുന്തം പോലെ നിക്കുന്നത് ചീകിഒതുക്കിവെച്ചൂടെടാ മോനേ......?"

"അമ്മേ , ഇതാണ് ഇപ്പോഴത്തെ സ്റ്റൈൽ അല്ലെങ്കിലും അമ്മയ്ക്ക് ഇതൊന്നും പറഞ്ഞാൽ മനസ്സിലാവത്തില്ല....."

പ്രാർഥനക്കിടയിൽ ജോർജ് അമ്മയുടെയും മകന്റെയും സംഭാഷണങ്ങൾ ഓർത്തെടുക്കുന്നു. അപ്പോഴാണ് ജോസഫേട്ടൻ ജോർജിന്റെ തോളത്ത് പിടിച്ച് ചോദിക്കുന്നത് "എന്താ ജോർജേ? പ്രാർഥന തീർന്നില്ലേ? ഭക്ഷണം കഴിക്കാൻ വിളിക്കുണു.....". ഒരു നീണ്ട സ്വപ്നത്തിലെന്ന പോലെ ജോർജ് ഞെട്ടിയുണർന്നിട്ട് പറഞ്ഞു. "ആ വരുകയാണ് ഞാൻ എന്റെ കുടുംബത്തെക്കുറിച്ച് ഒരു നിമിഷം ഓർത്ത് പോയതാ.....ഇണക്കങ്ങളും ചെറിയ പിണക്കങ്ങളുമായി ഭൂമിയിലെ സ്വർഗ്ഗം പോലെ കഴിഞ്ഞതാണ്. പക്ഷെ.... വിധിയെ കവച്ച്കടക്കാൻ കഴിയില്ലല്ലോ......"

ജോർജ് സ്വയം ആശ്വസിച്ചു. " വെറുതെ ഇല്ലാത്ത അസുഖങ്ങളെ വിളിച്ച് വരുത്തണ്ട. കഴിഞ്ഞദിവസം ഡോക്ടർ പറഞ്ഞതല്ലേ ടെൻഷൻ പാടേ ഉപേക്ഷിക്കണമെന്ന്. ഇനി പഴയ കാര്യങ്ങളൊന്നും തന്നെ ഓർക്കരുത്. വാ നമ്മുക്ക് പോകാം". ഇത്രയും പറഞ്ഞ് കൊണ്ട് ജോർജ് കയ്യിൽ ഊന്ന് വടിയും കൊടുത്ത് നടന്നു......

ഭക്ഷണശേഷമുള്ള വിശ്രമ വേളയിൽ ജോർജ് തന്റെ പഴയ കാര്യങ്ങൾ ഓർത്തെടുക്കുകയാണ് വെറുതെ ഇരിക്കുന്ന സമയങ്ങളിലെല്ലാം അദ്ദേഹം ആശ്വാസം കണ്ടത്തുന്നത്

അങ്ങനെയാണ്. 15 വർഷത്തെ നീണ്ട ദാമ്പത്യജീവിതത്തിന് ശേഷം ദൈവം നൽകിയ കുഞ്ഞാണ് ജോയി. അത് കൊണ്ട് തന്നെ ലാളിച്ച് ഓമനിച്ചാണ് അവനെ വളർത്തിയത്. അവന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളുമൊക്കെ സാധിച്ചുകൊടുത്തു. വളരെ സന്തോഷകരമായ കുടുംബം. ഡോക്ടറാവണമെന്നുള്ള അവന്റെ ആഗ്രഹവും സാധിച്ചുകൊടുത്തു

എന്നാൽ അവന്റെ വിവാഹത്തോടെ, ഏതാണ്ട് അഞ്ച് കൊല്ലം മുമ്പായിരുന്നു അവന്റെ വിവാഹം. അതോടെ അവന് ഞാനും അന്നമ്മയും ഒരു ഭാരമായി മാറി. അവിടം വെച്ച് തുടങ്ങിയതാണ് ഭൂമിയിലെ സ്വർഗ്ഗത്തിന് മങ്ങലേൽക്കാൻ ........ രണ്ട് വർഷങ്ങൾക്ക് മുമ്പ് തന്റെ എല്ലാം എല്ലാമായിരുന്ന അന്നമ്മ മരിച്ചു. അതോടെ താൻ ഈ ലോകത്ത് ഒറ്റക്കായത് പോലെ.... മകനും താൻ ഭാരമായി മാറിയതോടെ, ദാ ഈ വൃദ്ധസദനത്തിൽ അവൻ എന്നെ തനിച്ചാക്കി പോയി. എല്ലാവരും ആഗ്രഹിക്കുന്നത് പോലെ പേരക്കുട്ടികളോടുത്തുള്ള ഒരു ജീവിതം ഞാനും ആഗ്രഹിച്ചു. പക്ഷെ ഈശ്വരനിശ്ചയം മറ്റൊന്നായിരുന്നു.

ഇത് എന്റെ മാത്രം ജീവിതമല്ല, ഇവിടെയുള്ള ഓരോരുത്തരുടെയും ജീവിതം ഏറെ കുറെ സമാനമാണ്. മക്കളെ പഠിപ്പിച്ച് ഉന്നത നിലയിലാക്കി എന്നതാണോ ഞങ്ങൾ ചെയ്ത തെറ്റ്? ജോർജ് സ്വന്തം മനഃസാക്ഷിയോടായി ചോദിച്ച്നോക്കി."അല്ല, അവർ നല്ല നിലയിൽ ജീവിക്കട്ടെ, ഞങ്ങൾ ഇന്നോ നാളെയോ മരിക്കാം..." കുടുംബം എന്നത് ഭൂമിയിലെ സ്വർഗ്ഗമെന്ന് കരുതിയവരാണ് എല്ലാവരും. എന്നാൽ ഇന്ന് എനിക്ക്

തോന്നുന്നു ഭൂമിയിൽ അങ്ങനെ ഒരു സ്വർഗ്ഗമില്ലെന്ന്. ഭൂമി നശ്വരമാണ്... ഒരു സന്തോഷത്തിന് പിന്നിൽ ഒരു ദുഃഖമുണ്ട് എന്നതിൽ വിശ്വസിക്കുക തന്നെ എന്റെ സന്തോഷകാലം കഴിഞ്ഞു..., ഇനി ദുഃഖങ്ങളുടെ വേദനകളും ഒറ്റപ്പെടലുകളുടെയും കാലം....

അപ്പോഴാണ് ഔസേപ്പേട്ടൻ അതുവഴി വന്ന് ചോദിച്ചത് " എന്താ ജോർജ്, തനിച്ചിരിക്കുന്നത് "

ഒരു നീണ്ട ആലോചനയിലാന്ട ജോർജ് ഞെട്ടിയെഴുന്നേറ്റ് കൊണ്ട് പറഞ്ഞു " ഒന്നുമില്ല ഞാൻ വെറുതെ..... അങ്ങ്... ഇരുന്നതാണ് ". അങ്ങനെ അവർ രണ്ട് പേരും കൊച്ചുവർത്തമാനങ്ങളൊക്കെ പറഞ്ഞ് അവിടെ അങ്ങ് ഇരുന്നു.......

സമ്പാദനം: ഗൗരി പാർവതി ടി എസ്



# കളരി പയറ്റുകൊണ്ടുള്ള പ്രയോജനങ്ങൾ

കളരി പയറ്റുകൊണ്ട് ഒരു അഭ്യാസി ശാരീരികമായും മാനസികമായും ഉല്ലാസം പ്രാപിക്കുന്നു. ഒരു പ്രദേശത്ത് ഒരു കളരി.യും യോഗ്യനായ ഗുരുക്കളുടെ ശിക്ഷണത്തിൽ അഭ്യാസങ്ങൾ ശീലിക്കുന്ന യുവതലമുറയും ഉണ്ടായാൽ തീർച്ചയായും ആ സ്ഥലത്തിന്റെ മുഖഛായക്ക് മാറ്റമുണ്ടാകും. രാഷ്ട്രശരീരത്തിന്റെ കോശങ്ങളായി ഗ്രാമങ്ങളെ കല്പന ചെയ്യുമ്പോൾ ഗ്രാമത്തിൽ മേൽപറഞ്ഞ തരത്തിൽ ഉടലെടുക്കുന്ന ശാരീരികവും മാനസികവുമായി ആരോഗ്യമുള്ള ഒരു തലമുറ രാഷ്ട്രശരീരത്തിന്റെ ശക്തിയെ സുസ്ഥിരമാക്കും. ലക്ഷ്യബോധവും ആത്മനിയന്ത്രണവുമില്ലാതെ മാർഗഭ്രഷ്ടരായി തീരുന്ന ഇന്നത്തെ തലമുറക്ക് ആത്മവിശ്വാസവും കർമ്മശേഷിയും സമചിത്തതയും നൽകാൻ മറ്റേത് കായികവിദ്യകളേക്കാളും ഓജസ്കരമായ സാംസ്കാരിക മൂല്യമുള്ള കളരിപ്പയറ്റിനു സാധിക്കുന്നു.

# കഥകളി

ബെക്സി കെ എഫ്

10 സി

കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും  പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്. ശാസ്ത്രകളി , ചാക്യാർ കൂത്ത്  കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസിക്കൽ നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങി നിന്നിരുന്നു എങ്കിലും 20-ാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമ ഫലമായി ഇന്ന് ലോകപ്രസിദ്ധി കൈവരിച്ചിരിക്കുന്നു.

നാട്യം, നൃത്തം നൃത്യം എന്നിവയെ ആംഗികം ,സാത്വികം, ആഹാര്യം എന്നീ അഭിനയോപാധികളിലൂടെ സമന്വയിപ്പിച്ച് അവതരിപ്പിക്കുകയാണ് ഒറ്റ വാചകത്തിൽ പറഞ്ഞാൽ കഥകളിയുടെ മർമ്മം.

കഥകളിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങളാണ് ചെണ്ട,മദ്ദളം,ചേങ്ങില,ഇലത്താളം,ഇടയ്ക്ക,ശംഖ് എന്നിവ.ചില സ്ഥലങ്ങളിൽ പഞ്ചമേളമെന്ന ശുദ്ധമേളവും ഉപയോഗിക്കാറുണ്ട്.

17-ാം നൂറ്റാണ്ടിലാണ് കഥകളി ഉത്ഭവിച്ചത്. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടകഥ. രാമനാട്ടകർത്താവായ

കൊട്ടാരക്കരത്തമ്പുരാനാണ് ആട്ടകഥാ സാഹിത്യത്തിന്റെ ഉപജ്ഞാതാവായി നാം കണക്കാക്കുന്നത്. ഗീതഗോവിന്ദാഭിനയത്തിന്റെ പ്രേരണയിൽ നിന്നും ഉടലെടുത്ത ഒരു വിനോദമാണ് കൃഷ്ണനാട്ടം. അന്ന് വടക്കൻ ദിക്കുകളിൽ പ്രചാരണത്തിലിരുന്ന അഷ്ടപദിയാട്ടത്തിന്റെയും അതിന്റെ ചുവടുപിടിച്ച് സൃഷ്ടിക്കപ്പെട്ട കൃഷ്ണനാട്ടത്തിന്റേയും രീതിയിലാണ് തമ്പുരാൻ രാമനാട്ടം രചിച്ചത്. 1555 നും 1605 നും ഇടയ്ക്കാണ് രാമനാട്ടം ഉണ്ടാക്കിയത് എന്നാണ് പറയപ്പെടുന്നത്.

കൊട്ടാരക്കരത്തമ്പുരാൻ രാമായണത്തെ എട്ട് ദിവസത്തെ കഥയാക്കി വിഭജിച്ച് നിർമിച്ച ഈ രാമനാട്ടമാണ് പിൽക്കാലത്തു കഥകളിയായി പരിണമിച്ചത് .

# ചങ്ങമ്പുഴ

സമ്പാദനം: റജിയ കെ



എറണാകുളം ജില്ലയിലെ ഇടപ്പിള്ളിയിൽ 1911 ഒക്ടോബർ 10-ന് ചങ്ങമ്പുഴ കൃഷ്ണപ്പിള്ള ജനിച്ചു. എറണാകുളത്തും തിരുവനന്തപുരത്തും ഉന്നത വിദ്യാഭ്യാസം നടത്തി. മലയാളസാഹിത്യത്തിൽ ഓണേഴ്സ് ബിരുദം നേടി. മംഗളോദയം മാസികയുടെ പത്രാധിപസമിതിയിൽ അംഗമായി സേവനമനുഷ്ഠിച്ചുകൊണ്ട് ഇടപ്പള്ളിയിൽ സ്ഥിരതാമസമാക്കിയ ചങ്ങമ്പുഴ അതിനകം തന്നെ മലയാളികളുടെ ഏറ്റവും പ്രിയപ്പെട്ട കവിയായിത്തീർന്നിരുന്നു. സാമൂഹികമായ അസമത്വം , ദാരിദ്ര്യം, അനീതി എന്നിവയുടെ നേർക്കുള്ള പ്രതിഷേധം മുഴക്കുന്ന സുപ്രസിദ്ധങ്ങളായ പല കൃതികളും ചങ്ങമ്പുഴ രചിച്ചിട്ടുണ്ട്.

രമണൻ,ബാഷ്പാഞ്ജലി,ആരാധകൻ,സങ്കല്പകാന്തി,ദേവഗീത, ഹേമന്തചന്ദ്രിക,ദിവ്യഗീതം,വത്സല,അപരാധികൾ,തിലോത്തമ, മനസ്വിനി,എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു പ്രധാന കൃതികൾ.

ഉടയവന്റെ ആജ്ഞയനുസരിച്ച് മലയൻ കുലവെട്ടിക്കൊണ്ടുപ്പോകാൻ തുടങ്ങുമ്പോൾ ആ സാധുവിന്റെയും അവന്റെ ഓമനക്കിടാങ്ങളുടെയും ദുസ്സഹദുഖം കണ്ട് കവിയുടെ ക്ഷോഭം:

"നിസ്വാർത്ഥ സേവനം,നിർദ്ദയമർദനം ,
നിസ്സഹായത്വം ,ഹാ! നിത്യദുഃഖം.
ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരേ നിങ്ങൾ  തൻ പിൻമുറക്കാർ .”

(വാഴക്കുല )വിപ്ളവതൃഷ്ണതയുടെ

ഉഗ്രപ്രകടനങ്ങളാകുന്ന വരികൾ :

"വരട്ടെ,വിശപ്പിന്റെ വിപ്ളവക്കൊടുംകാറ്റി-

ലൊരിക്കൽത്തകർന്നുപോം മദിക്കും മേലാളിത്തം.

ഈശ്വരൻ  നിരർഥമാമപ്പദം പറഞ്ഞിനി

ശ്ശാശതമാക്കാനാകാ ഞങ്ങൾ തന്നടിമത്തം.”

(നവവർഷനാന്ദി)

"മർത്യസംസ്കാരത്തിന്റെ നേട്ടമാണത്രേ സാധു -

മർദനം പരിഷ്കാരമാണത്രേ രക്തോത്സവം !” (ആ കൊടുങ്കാറ്റ്)

തനിക്കും ലോകത്തിനും ക്ളേശമേയുള്ളൂ എന്നു ചിന്തിക്കുന്ന കവി:

"ഹതഭാഗ്യൻ ഞാൻ പക്ഷേ കണ്ടതെല്ലാം

പരിതാപാച്ഛാദിതമായിരുന്നു.

സതതമെൻ കാതിൽ പതിച്ചതെല്ലാം

കരുണതൻ രോദനമായിരുന്നു!”

(ബാഷ്പാഞ്ജലി)

ശാന്തിയും സമാധാനവും ഐക്യത്തിലാണുള്ളത്.അല്ലാതെ യുദ്ധത്തിലല്ല.

"യുദ്ധത്തിനെക്കൊണ്ടൊരിക്കലുമാവുകി-

ലുദ്ധരിച്ചീടാൻ സമാധാനനീതികൾ "

(കൊടുങ്കാറ്റു കഴിഞ്ഞ്)

# ഇടപ്പള്ളി രാഘവൻപിള്ള

സമ്പാദനം: ശ്രീചിത്ര എസ്

എറണാകുളത്ത് പറവൂരിൽ 1909-ൽ ജനിച്ചു .മലയാള കവിതയിൽ കാല്പനിക പ്രസ്ഥാനത്തിനു ഗണ്യമായ സംഭാവന നൽകിയ കവി .ചങ്ങമ്പുഴയുടെ സുഹൃത്ത് .

പ്രേമതാരള്യവും വിഷാദാത്മകതയും മൃത്യുചിന്തയുമാണ് ഇടപ്പള്ളി കവിതകളുടെ മുഖമുദ്രകൾ .27-ാം വയസ്സിൽ പ്രേമനൈരാശ്യം മൂലം ഇടപ്പള്ളി ആത്മഹത്യ ചെയ്യുകയാണുണ്ടായത് .



തുഷാരഹാരം,നവസൗരഭം ,മണിനാദം,ഹൃദയസ്മിതം എന്നിവയാണ് കൃതികൾ.ഇവയെല്ലാം തന്നെ അദ്ദേഹത്തിന്റെ മരണശേഷം ഇടപ്പള്ളികൃതികൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജീവിതവും മരണവും മുഖാമുഖം നിൽക്കുന്ന കവിതകൾ

"ജീവിതം ,ഹാ!ഹാ! ശുദ്ധസുന്ദര,മതിനെ ഞാ-
നീ വിധം നെടുവീർപ്പാൽത്തപ്തമാക്കിച്ചമച്ചാലോ?"

(ജീവിതം)

"പ്രകൃതിതന്നകൃതവിലാസം കാണ്മാൻ
പ്രാപ്തനായിത്തീർന്നൊരി മർത്ത്യനെന്തേ
അദൃശ്യമായീടും മറ്റോരമരലോകം
ആരാഞ്ഞു ജീവിതം പാഴാക്കുന്നു ?"

(ഉണരുക)

"അനഘമാണെന്തിലും മർത്യജന്മം

അനുരാഗയെന്നാലതിലും കാര്യം!"

(വസന്തം കഴിഞ്ഞു )

"നിശ്ചയമില്ലാ വിജയമെന്നാകിലും

നിസ്തുലം ജീവിതം ശൂന്യമായ്ത്തീർക്കൊലാ."

(ക്ഷയം)

ഈ ജീവിതാഭിരതികൾക്കെതിരെ മരണം വന്നു നിൽക്കുന്നു:

"മരണമേ! മമ സ്വാഗതം! ഭുവിൽ മേ-

ലമരണമെന്നതാശിപ്പതില്ല ഞാൻ."

(വിസ്മൃതമാകണം)

"മണിമുഴക്കം! മരണദിനത്തിന്റെ

മണിമുഴക്കം മധുരം! - വരുന്നു ഞാൻ." (മണിനാദം )

"കങ്കണനിസ്വനമായിട്ടു കേട്ടതാ-


ക്കാലന്റെ പോത്തിന്റെ ഘണ്ടാനിനാദമാം"

(ആശ്വാസം)

# കുഞ്ഞുണ്ണിമാഷും കുട്ട്യോളും

സമ്പാദനം: അർച്ചന എം എസ്

കുട്ടികൾ ഉള്ളിടത്തോളം കാലം കുഞ്ഞുണ്ണി കവിതകൾ ഉണ്ടാകും നിശ്ചയം! കാരണം കൽക്കണ്ടക്കുപ്പിയുമായി കുട്ട്യോളെ കാത്തിരിക്കാൻ വേറെ ആരാണുള്ളത്.കുഞ്ഞുണ്ണിക്കൊരു മോഹം എന്നും കുഞ്ഞായിട്ടിരിക്കാൻ" പൊക്കമില്ലായ്മയാണെൻ പൊക്കം" .



എന്നാൽ ആകാശത്തോളം പൊക്കം ആ മനസ്സിനുണ്ട് തീർച്ച .

ദുരാഗ്രഹങ്ങളും അഹങ്കാരങ്ങളും നിറഞ്ഞ ഈ ലോകത്ത് കുഞ്ഞായിട്ടിരിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹം പറഞ്ഞതിൽ അതിശയിക്കാനില്ല .

"മുഖം കാട്ടുന്ന കണ്ണാടി

യെത്രനന്നെന്നിരിക്കിലു-

മകം കാട്ടില്ല നിശ്ചയം .

"നമ്മൾ നന്നാകുവാനെന്തു നല്ലു

നല്ലരുച്ചരൽ മനസ്സിൽ നല്ലു."

കുഞ്ഞുങ്ങൾക്കേറെ ഇഷ്ടപ്പെട്ട മിഠായിയും പപ്പടവും കുഞ്ഞുണ്ണിയുടെ കുറുങ്കവിതകൾക്കേറെ പ്രിയം ആണ് . "മുട്ടായിയിൽ ബുദ്ധി വച്ചാൽ

ബുദ്ധിമുട്ടായി നിശ്ചയം "

"മുട്ടായിക്ക് മധുരമുണ്ട്

മുത്തശ്ശിക്ക് കഥകളുണ്ട് "

"പരത്തിപ്പറഞ്ഞാൽ പർപ്പടകം

ഒതുക്കിപ്പറഞ്ഞാൽ പപ്പടം

വേഗം പറഞ്ഞാൽ പപ്പ്ടം

അത് ചുട്ടെടുത്തൊന്നമർത്തിയാൽ 'പ്ടം'

പണത്തിൻെറ പിന്നാലേ പായുന്ന മനുഷ്യരെയും കുഞ്ഞുമിമാഷ് വേറുതെ വിടുന്നില്ല .

"പണത്തിൽ കണ്ണുവയ്ക്കാതെ പണിയിൽ കണ്ണുവയ്ക്കുക.

നന്നാവും പേരു കിട്ടും പണം വരും"

കേരളത്തെയും കേരളീരെയും പറയുന്നത് നോക്കു

"വീട് സ്വർഗ്ഗമാക്കുകയും

നാടു നരകമാക്കുകയും

ചെയ്യുന്നവരുടെ നാടാണ് കേരളം".

"വാഹനങ്ങളുടെ ഭാരവും ഗതിവേഗവും നിയന്ത്രിക്കാൻ പോലും കഴിവില്ലാത്തതാണ് കേരളസർക്കാർ"

"കേരളത്തിൽ കഴിഞ്ഞുകൂടുന്ന

മലയാളികൾക്കും തലയുണ്ട്

പക്ഷേ അത് വായവയ്ക്കാൻ

മാത്രമുള്ളതാണെന്നുമാത്രം"

"എഴുത്തു പോലെ മഹാത്താണ് വായനയും

കാരണം രണ്ടും സർഗ്ഗാത്മകമാണ് "

"വായിച്ചാൽ വളരും

വായിച്ചില്ലെൽ വളയും"

"നന്മയൊക്കെയുമമ്മ

അമ്മ നന്മ

നന്മയമ്മ "

കൂട്ടരെ

"കാലം നന്ന് ലോകം നന്ന് ഞാനും നന്ന്"

"അന്നം ബ്രഹ്മം , ജീവൻ ബ്രഹ്മം,വചനം ബ്രഹ്മം,മനം ബ്രഹ്മം ,അതിനാൽ ഞാനും ബ്രഹ്മം

# അമ്മ

ഇവാ നവീൻ



നീണ്ടുപോകുന്ന പാതയോരത്തുകൂടി

അമ്മതൻ കൈയും പിടിച്ച് നീങ്ങവേ

എന്തൊരു സുരക്ഷിതത്വം

അമ്മതൻ വിരൽത്തുമ്പിലൂടെ

എന്നിലേക്ക് ഊർന്നിറങ്ങവേ

സ്നേഹവായ്പോടെ ഞാൻ

അമ്മതൻ മുഖത്ത് നിറയുന്ന

പാൽ പുഞ്ചിരി

സ്നേഹപാലാഴിയായി

മാതൃസ്നേഹത്തിൽ പാലാഴിയിൽ

ഞാൻ മുങ്ങിനിവരുന്നു

ഒരു മഞ്ഞ് കട്ടയായ്

അമ്മതൻ പാദങ്ങളിൽ ഉരുകി

അലിയുന്നതാവട്ടെ എൻെറ സ്വപ്നം

****************

# എൻെറ ബാല്യം

ശാലിനി ബാബു



മാഞ്ഞു പോയൊരെൻ

ഓർമ്മകൾ അത്രയും

തട്ടിയുണർത്തിയ

കിനാവെന്നപോൽ

ഓർക്കുന്നു എന്നിലെ

ദീപനാളം പോൽ

മധുരമാം എൻ ബാല്യം

തിരികെ വരുമോ....

കൊതിക്കുന്നു എൻ മനം

നടക്കാത്ത മോഹമാണെന്നറിഞ്ഞിട്ടും

അറിയാതെ കൊതിച്ചു

പോകുമെൻ മനം

ഇന്നെൻ ഓർമ്മയിൽ തേന്മുറും-

പോൽ ത്തുവലായ്

എൻ ബാല്യം..

# ജീവതയാത്ര

ദേവന ദേവരാജൻ



ശൈശവം 0-4

ചമയങ്ങളണിഞ്ഞ് നിറഞ്ഞാടുന്ന തുടിപ്പുകൾ-

ക്കിടയിലേക്ക്, തൻെറ വേഷം ഭംഗിയാക്കി- തീർക്കുവാൻ

ചലിച്ചുകൊണ്ടിരിക്കുന്ന ജീവനുകൾക്കിടയിലേക്ക് ഒരു കുരുന്നു

ജീവൻകൂടി.....

ബാല്യം 5-12

കാപട്യങ്ങളില്ലാതെ മുഖംമൂടികളണിയാതെ പൂമ്പാറ്റകളേയും

പൂക്കളേയും വിസ്മയങ്ങളായി കണ്ട്

ജീവിതവസന്തത്തിൽ ഈ ജീവനും പാറിപ്പറക്കുന്നു.....

കൗമാരം 13-19

മോഹങ്ങൾ തളിരിടാൻ തുടങ്ങിയിരിക്കുന്നു

അറിവിൻെറയും അറിവില്ലായ്മയുടേയും മദ്ധ്യേയുള്ള

ചുഴിയിൽപ്പെട്ട് അമർന്ന സ്പർശത്തിൽ തകരുന്ന

സ്ഫടികപാത്രം പോലെ.....

യൗവ്വനം 20-35

ഏഴുചിറകുകൾ മുളച്ച സ്വപ്നങ്ങൾ നേടുന്നതിനായി


കടിഞ്ഞാണിടാൻ കഴിയാത്ത ആഗ്രഹങ്ങൾ
സഫലീകരിക്കാനായി സൗന്ദര്യത്തേയും, പ്രണയത്തേയും
ഇഷ്ടപ്പെടുന്ന ഈ ജീവൻ അത്യന്തം വേഗത്തിൽ
കുതിച്ചുകൊണ്ടിരിക്കുന്നു....

**വാർദ്ധക്യം 58-**


നേടിയതും തേടിയതുമെല്ലാം വഴിയിലുപേക്ഷിച്ച്
നേടിയതിനേക്കാൾ കൂടുതൽ ഇഷ്ടങ്ങളുണ്ടായെന്ന
യാഥാർത്ഥ്യം തിരിച്ചറിഞ്ഞ ചുളിവുകൾ വീണ ശരീരവും
അവയ്ക്കുള്ളിലെ മാംസപിണ്ഡങ്ങളും മണ്ണിൽ ചേരുന്നു. ഈ ജീവനും
ചരിത്രമാകുന്നു, എന്നന്നേക്കുമായ്....

********************



IV C
ANEENA VARUHESE


VI C
PARVATHY ANU


VI C
SREELAKSHMI K.A


VI C
AISWARYA K.P


AISHA K.K


MUSIC
NEWS
new
YORK
HERSHEY'S
BIG
hello
ONE WAY
Subway
FASHION
ALFIYA

# വായനയുടെ മഹത്ത്വം

എൽസ ഷാലിറ്റ .എൻ.എ

വായിച്ചാലും വളരും

വായിച്ചില്ലെങ്കിലും വളരും

വായിച്ച് വളർന്നാൽ വിളയും

വായിക്കാതെ വളർന്നാൽ വളയും

വായനയെപ്പറ്റിയുള്ള കുഞ്ഞുണ്ണിമാഷിന്റെ അഭിപ്രായ-

മാണ് ഈ വരികൾ. വായന;അക്ഷരങ്ങളുടെ ലോകത്തേക്ക് നമ്മെ കൈപ്പിടിച്ചുയർത്തുന്ന അപൂർവ്വ

പ്രതിഭാസം.മനസ്സിൽ പ്രകാശമുള്ള ഒരാൾക്ക്

മനപ്രകാശത്തിന്റെ സഹായത്തോടെ ഇരുട്ടിൽ മുന്നേറാൻ സാധിക്കുന്നു.വായനയിൽ നിന്ന് ലഭിക്കുന്ന അറിവാണ് നമ്മുടെ മനസ്സിൽ പ്രകാശമായി മാറുന്നത്.

പുസ്തകതങ്ങൾ നമ്മുടെ ഗുരുക്കന്മാരും വഴികാട്ടികളുമാണ്. ഈ ഗുരുക്കന്മരിൽ നിന്ന് ലഭിച്ച അറിവുകൾക്ക് അതിരുകളില്ല. എന്നാൽ ഇന്ന് പല കുട്ടികളുംവായിക്കാതെവളയുകയാണ്. നിലവാരമില്ലാത്തപുസ്തകങ്ങളും ,മഞ്ഞപ്പത്രങ്ങളും വായിച്ച് കുട്ടികൾ നശിക്കുന്നു .

അതിനാൽ പുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധയോടെ തിരഞ്ഞെടുക്കുക.ഇന്ന് പല കുട്ടികളും വായനയുടെ ലോകത്ത് നിന്ന്

ഓടിയൊളിക്കുകയാണ്.

അതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ് സമൂഹ മാധ്യമങ്ങൾ . ഇന്നത്തെ തലമുറയിലെ പലരും സമൂഹ

മാധ്യമങ്ങളുടെ അന്ധകാരത്തിലേക്ക് വഴുതി വീഴുകയാണ് . അക്ഷരങ്ങളുടെ മനോഹര ലോകത്തിൽ പാറി നടക്കാൻ അവർ ആഗ്രഹിക്കുന്നില്ല.

സമൂഹ മാധ്യമങ്ങൾ ഇന്ന് സമൂഹത്തെ കാർന്നുതിന്നുന്ന ഒരു ക്യാൻസറായി മാറികൊണ്ടിരിക്കുകയാണ് . അവ കുട്ടികളുടെ വിലപ്പെട്ട സമയം നഷ്ടമാകുന്നു.കുട്ടികൾ മാത്രമല്ല മുതിർന്നവരും ഇന്ന് സമൂഹ മാധ്യമങ്ങളുടെ കൈപ്പിടിയിലാണ് .സ്വന്തം മക്കളെ ശ്രദ്ധിക്കാൻ പോലും മാതാപിതാകൾക്ക് ഇന്ന് സമയം കിട്ടാറില്ല.

വായനയുടെ സുഖം പകർന്നു തരാൻ മറ്റൊരു മാധ്യമത്തിനുമാവില്ല. ഒരു കഥ വായിക്കുമ്പോളുള്ളൊരു

അനുഭൂതി നമുക്ക് സിനിമ കാണുമ്പോൾ കിട്ടുകയില്ല.

നാം വായിക്കുമ്പോൾ പുതിയ അറിവുകൾ നമ്മളറിയാതെ നമ്മെ തേടിയെത്തുന്നു.

നമ്മുടെ അറിവ് വർധിപ്പിക്കുന്ന തരത്തിലുള്ള പുസ്തകങ്ങൾ നമുക്ക് തേടിപ്പിടിച്ച് വായിക്കാം.

വായനയാവുന്ന കടലിലെ പവിഴമണികളാകുന്ന പുസ്തകങ്ങളിലെ അക്ഷരങ്ങളെ നമുക്ക് മുറുകെ പിടിക്കാം.

പുസ്തകങ്ങളെ നമുക്ക് ആയുധങ്ങളാക്കി മാറ്റാം. വിജ്ഞാനം കൊയ്യുന്ന ഒരായുധം .അറിവിൻെറ

മുത്തുകളും രത്നങ്ങളും വാരിയെടുക്കാനായി വായനയുടെ അത്ഭുത ലോകത്തേക്ക്  നമുക്ക് പറന്നുയരാം....

**********************

# നന്ദി



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ